2012-13, 2013-14 എന്നീ വർഷങ്ങളിൽ പാട്ട കൃഷി ചെയ്തിരുന്ന കർഷകർക്ക് ഹെക്ടറിന് 25,000 രൂപ ധനസഹായവും ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000 രൂപ ധനസഹായവും നൽകിയിട്ടുണ്ട്.

(ബി) കൃഷിഭവൻ മുഖാന്തിരം ദേശസാൽകൃത ബാങ്കുകൾ/സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്ന് പാട്ടകൃഷി ചെയ്യുന്ന നെൽ കർഷകർക്ക് നബാർഡ് നിശ്ചയിച്ചിരിക്കുന്ന സ്കെയിൽ ഓഫ് ഫൈനാൻസ് പ്രകാരം വായ്പ നൽകുന്നുണ്ട്.

കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

208 (1578) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കന്ദമംഗലം, പെരുവയൽ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തതു സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചാൽ കർഷകർ നിശ്ചിത സമയത്തിനുള്ളിൽ (10 ദിവസത്തിനകം) കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കുയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷിസ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തശേഷം നഷ്ടപരിഹാര തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ക്ലെയിം സമർപ്പിക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് കൃഷിനാശത്തിന് ധനസഹായം നൽകുന്നത്. തുക അനുവദിച്ചു വരുന്നമുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകി വരുന്നു.

(ബി) ഉണ്ട്. 2014-15-ലെ വേനൽമഴയ്ക്ക് 1,16,75,000 രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ആദ്യം ലഭിച്ച ക്ലെയിമുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഈ തുക കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ബാക്കി ക്ലെയിമുകൾ നൽകുവാൻ സാധിച്ചിട്ടില്ല. തുക ലഭ്യമാകാത്ത പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മിഷൻ 676 മുഖേനയുള്ള കൃഷി പദ്ധതികൾ

209 (1579) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മിഷൻ 676 മുഖേന എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മിഷൻ 676 മുഖേന കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ താഴെ പറയുന്നവയാണ്.

പതാകനൗക പദ്ധതികൾ :

1. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത
2. കേരസമൃദ്ധി

മറ്റ് പ്രധാന പദ്ധതികൾ :

1. നീര ഉൽപ്പാദനം
2. മേഖല കൃഷി ഡയറക്ടറേറ്റ്

LIBRARY ARCHIVES Kerala Legislative Assembly